ഡിസംബർ-ജനുവരി 2017

കോർപ്പറേറ്റ് ന്യൂസ്

എച്ച്എൽഎൽ വാർത്താപ്പത്രിക

# കേരളത്തിലെ ആദ്യ അമൃത് ഫാർമസി തിരുവനന്തപുരത്ത്



പുലയനാർകോട്ടയിൽ ആരംഭിച്ച അമൃത് ഫാർമസി എച്ച്എൽഎൽ സിഎംഡി ശ്രീ. ആർ.പി. ഖണ്ഡേൽവാൽ ഉദ്ഘാടനം ചെയ്യുന്നു. ഡയറക്ടർ (ടെക്നിക്കൽ ആൻഡ് ഓപ്പറേഷൻസ്) ശ്രീ. ഇ.എ സുബ്രഹ്മണ്യൻ, ഡയറക്ടർ (മാർക്കറ്റിംഗ്) ഡോ. ബാബു തോമസ് എന്നിവർ സമീപം.

മിതമായ നിരക്കിൽ ആരോഗ്യപരിപാലന സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്ത് **അമൃത് ഫാർമസി** ആരംഭിച്ചു. പുലയനാർകോട്ടയിൽ തുടങ്ങിയ അമൃത് (അഫോഡബിൾ മെഡിസിൻസ് ആൻഡ് റിലയബ്ൾ ഇംപ്ലാന്റ്സ് ഫോർ ട്രീറ്റ്മെന്റ്) ഫാർമസി എച്ച്എൽഎൽ സിഎംഡി ശ്രീ.ആർ. പി.ഖണ്ഡേൽവാൽ ഉദ്ഘാടനം ചെയ്തു.

മരുന്നുകൾ, ശസ്ത്രക്രിയ ഉപകരണങ്ങൾ, കോസ്മെറ്റിക്സ്, ബേബി ഫുഡ്, സ്കിൻകെയർ ഉത്പ്പന്നങ്ങൾ, മെഡിക്കൽ ഉപകരണങ്ങൾ എന്നിവയ്ക്കെല്ലാം അമൃത് ഫാർമസിയിൽ വിപണി വിലയിൽനിന്ന് 10 മുതൽ 40 ശതമാനം വരെ കിഴിവ് നൽകുന്നുണ്ടെന്ന് ശ്രീ.ഖണ്ഡേൽവാൽ പറഞ്ഞു. സർക്കാർ ആശുപത്രികൾ സൗജന്യമായി നൽകാത്ത എല്ലാ മരുന്നുകളും ഇംപ്ലാന്റുകളും ശസ്ത്രക്രിയ ഉപകരണങ്ങളും വളരെ മിതമായ നിരക്കിൽ ലഭ്യമാക്കുകയാണ് അമൃതിന്റെ ലക്ഷ്യമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

പുലയനാർകോട്ട കോട്ടമുക്കിൽ ടിബി ഹോസ്പിറ്റലിനും, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബെറ്റോളജിക്കും, ഇന്ത്യൻ എയർഫോഴ്സ് ക്യാംപിനും എച്ച്എൽഎൽ ആക്കുളം ഫാക്ടറിക്കും, എച്ച്എൽഎൽ ആർ ആൻഡ് ഡിക്കും സമീപമാണ് ഫാർമസി.

കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം രൂപകൽപന ചെയ്ത അമൃത് പദ്ധതി നടപ്പിലാക്കുന്നത് എച്ച്എൽഎൽ ആണ്. 2016 നവംബറിൽ ഒരു വർഷം പൂർത്തിയാക്കിയ അമൃത് പദ്ധതിയിലൂടെ ഇതിനോടകം 5.14 ലക്ഷം രോഗികൾക്ക് നേട്ടമുണ്ടായി. പ്രമുഖ സർക്കാർ ആശുപത്രികളിലെല്ലാം അമൃത് ഫാർമസി ആരംഭിച്ചു കഴിഞ്ഞു.

താങ്ങാനാവാത്ത വില കാരണം രോഗികൾക്ക് ജീവൻ രക്ഷയോ, മരുന്നുകളോ നിഷേധിക്കപ്പെടുന്നത് ഒഴിവാക്കുകയാണ് അമൃത് ഫാർമസികളുടെ ലക്ഷ്യം.

> മരുന്നുകൾ, ശസ്ത്രക്രിയ ഉപകരണങ്ങൾ, കോസ്മെറ്റിക്സ്, ബേബി ഫുഡ്, സ്കിൻകെയർ ഉത്പ്പന്നങ്ങൾ, മെഡിക്കൽ ഉപകരണങ്ങൾ എന്നിവയ്ക്കെല്ലാം അമൃത് ഫാർമസിയിൽ വിപണി വിലയിൽനിന്ന് 10 മുതൽ 40 ശതമാനം വരെ വിലക്കുറവിൽ ലഭ്യമാണ്.

# ഹിന്ദ്‌ലാബ്സ് ബ്ലഡ് കളക്ഷൻ  സെന്റർ തുടങ്ങി

മെഡിക്കൽ കോളജിനു എതിർവശം ട്രിഡ സോപാനം കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ഹിന്ദ്‌ലാബ്സ്, ഡയഗ്നോസ്റ്റിക് സേവനങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ജനറൽ ഹോസ്പിറ്റൽ ജംഗ്ഷനു സമീപം രാവിലെ 7 മുതൽ വൈകുന്നേരം 7 വരെ പ്രവർത്തിക്കുന്ന ബ്ലഡ് കളക്ഷൻ സെന്റർ ആരംഭിച്ചു.

ഹിന്ദ്‌ലാബ്സ് ബ്ലഡ് കളക്ഷൻ സെന്റർ എച്ച്എൽഎൽ സിഎംഡി ശ്രീ. ആർ.പി. ഖണ്ഡേൽവാൽ ഉദ്ഘാടനം ചെയ്തു. ആരോഗ്യ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാകുന്ന ബൃഹത്ത് കേന്ദ്രമാണ് എച്ച്എൽഎൽ ഹിന്ദ്‌ലാബ്സ് എന്ന് സിഎംഡി പറഞ്ഞു.




തിരുവനന്തപുരത്ത ഹിന്ദ്‌ലാബ്സ് ബ്ലഡ് ഡൊണേഷൻ സെന്റർ എച്ച്എൽഎൽ സിഎംഡി ശ്രീ. ആർ.പി.ഖണ്ഡേൽവാൽ ഉദ്ഘാടനം ചെയ്യുന്നു.

ജനറൽ മെഡിസിൻ, ഡയബെറ്റോളജി, ഇഎൻടി, ഗ്യാസ്ട്രോഎൻട്രോളജി, ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ വിഭാഗങ്ങളിലെ വിദഗ്ധ ഡോക്ടർമാരുടെ കൺസൽട്ടേഷനുകളും ഹിന്ദ്‌ലാബ്സിൽ ലഭ്യമാക്കുന്നുണ്ട്.

എക്കോ കാർഡിയോഗ്രാഫി, ഡിജിറ്റൽ എക്സ്റേ, ട്രെഡ്മിൽ ടെസ്റ്റ് (ടിഎംടി), പൾമണറി ഫങ്ഷൻ ടെസ്റ്റ് (പിഎഫ്ടി), അൾട്രാസൗണ്ട് സ്കാനിംഗ് തുടങ്ങി അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശോധനകളും ഹിന്ദ്‌ലാബ്സ് നൽകിവരുന്നു.

# ക്യൂബൻ അംബാസഡർ പേരൂർക്കട ഫാക്ടറി സന്ദർശിച്ചു

ക്യൂബൻ അംബാസഡർ ശ്രീ.ഓസ്കാർ ഐ മാർട്ടിനക്സ് കോർഡോവ്സ് ജനുവരി 20 ന് എച്ച്എൽഎൽ പേരൂർക്കട ഫാക്ടറി സന്ദർശിച്ചു. 2012 മുതൽ ക്യൂബയിലേക്ക് ഗർഭനിരോധന ഉറകൾ, ബ്ലഡ് ബാഗ്, ഐയുഡി എന്നിവ എച്ച്എൽഎൽ കയറ്റുമതി ചെയ്യുന്നുണ്ട്. ഇതിന്റെ പശ്ചാത്തലത്തിലാണ് ക്യൂബൻ അംബാസഡർ എച്ച്എൽഎൽ സന്ദർശിച്ചത്. എച്ച്എൽഎൽ ഫാക്ടറിയുടെ ലോകോത്തര നിലവാരവും, ഗുണനിലവാരം കാത്തുസൂക്ഷിക്കാൻ നടപ്പിലാക്കിയ സംവിധാനങ്ങളും മികവുറ്റതാണ്. അതിനാൽ എച്ച്എൽഎല്ലിൽ നിന്നും കൂടുതൽ ഗർഭനിരോധന ഉറകൾ ഇറക്കുമതി ചെയ്യാൻ ക്യൂബ തയ്യാറാണെന്ന് സന്ദർശന വേളയിൽ അദ്ദേഹം പറഞ്ഞു.




കഴിഞ്ഞ വർഷം 11 കോടി രുപ മൂല്യമുള്ള ഉൽപന്നങ്ങളാണ് എച്ച്എൽഎൽ ക്യൂബയിലേക്ക് കയറ്റുമതി ചെയ്തത്. ഈ വർഷം 20 കോടി മൂല്യമുള്ള ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യാനാണ് കമ്പനി ലക്ഷ്യമിട്ടിരിക്കുന്നത്. ക്യൂബയും ഇന്ത്യയുമായി വളരെ നല്ല സൗഹൃദമാണുള്ളത്.  ഒട്ടേറെ ഉൽപന്നങ്ങൾ നമ്മൾ ഇന്ത്യയിൽ  നിന്നാണ് ഇറക്കുമതി ചെയ്യുന്നതെന്ന് ഓസ്കാർ പറഞ്ഞു.

ഏറ്റവും കൂടുതൽ പ്രധാന്യം ആരോഗ്യമേഖലയ്ക്ക് നൽകുന്ന രാജ്യമാണ് ക്യൂബ. "ജനസംഖ്യയിലെ 20 ശതമാനം ആളുകൾ 60 വയസ്സിന് മുകളിലാണെന്നുള്ളത് ക്യൂബയിലെ ആരോഗ്യരംഗത്തെ നിലവാരമാണ് ചൂണ്ടികാണിക്കുന്നത്." ക്യൂബയിലെ ശരാശരി ആയുർദൈർഘ്യം  പുരുഷന്മാർക്ക് 78 വയസ്സും സ്ത്രീകൾക്ക് 81 വയസ്സുമാണെന്നും അദ്ദേഹം ചൂണ്ടികാട്ടി.

# പ്രതീക്ഷ സ്കോളർഷിപ്പുകൾ വിതരണം ചെയ്തു

എച്ച്എൽഎല്ലിന്റെ 2016-17 അധ്യയന വർഷത്തെ പ്രതീക്ഷ സ്കോളർഷിപ്പുകൾ സംസ്ഥാന ചീഫ് സെക്രട്ടറി ശ്രീ എസ്.എം. വിജയാനന്ദ് വിതരണം ചെയ്തു.
തിരുവനന്തപുരത്തുനിന്നുള്ള 28 വിദ്യാർഥികൾക്കാണ് സ്കോളർഷിപ്പ് വിതരണം ചെയ്തത്. എച്ച്എൽഎല്ലിന്റെ സാമൂഹിക പ്രതിബദ്ധതാ (സിഎസ്ആർ) സംരംഭമായ പ്രതീക്ഷ ചാരിറ്റബിൾ സൊസൈറ്റിയുടെ ഭാഗമായാണ് എംബിബിഎസ്, എൻജിനീയറിംഗ്, ബി.ഫാം, ഡിപ്ലോമ, നഴ്സിംഗ് കോഴ്സുകൾ പഠിക്കുന്ന ബിപിഎൽ വിഭാഗത്തിലെ വിദ്യാർഥികൾക്ക് സ്കോളർഷിപ്പുകൾ നൽകിവരുന്നത്.
നല്ല തലമുറയെ വാർത്തെടുക്കുന്നതിനുള്ള വഴിയാണ് സ്കോളർഷിപ്പുകളെന്ന് ശ്രീ. വിജയാനന്ദ് പറഞ്ഞു. വിദ്യാഭാസം മാത്രമേ നിങ്ങളെ ജീവിതത്തിൽ ഉയർച്ചയിലേക്ക് നയിക്കുകയുള്ളൂ. പഠനത്തിൽനിന്ന് ശ്രദ്ധ തിരിക്കാനുള്ള ഘടകങ്ങളെ മാറ്റിവച്ച് പഠനത്തിൽ ആത്മാർത്ഥതയുള്ള വിദ്യാർഥികളായിരിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. മികച്ചനേതൃനിരയുള്ള വിജയകരമായ സ്ഥാപനമെന്ന നിലയിലും സമൂഹത്തിലെ ആരോഗ്യരംഗത്തിലടക്കമുള്ള വിവിധ മേഖലകളിലെ ഉന്നമനത്തിനായി സംസ്ഥാന സർക്കാരിനോട് സഹകരിക്കുന്നതിലും അദ്ദേഹം എച്ച്എൽഎല്ലിനെ അഭിനന്ദിച്ചു.
ഈ വർഷം തിരുവനന്തപുരം നഗരത്തിൽ നിന്ന് സ്കോളർഷിപ്പിനായി 201 അപേക്ഷകൾ ലഭിച്ചിരുന്നുവെന്നും ഇതിൽനിന്നാണ് 28 വിദ്യാർഥികളെ തെരഞ്ഞെടുത്തതെന്നും എച്ച്എൽഎൽ മാർക്കറ്റിംഗ് ഡയറക്ടർ ഡോ. ബാബു തോമസ് പറഞ്ഞു.



2014 മാർച്ചിൽ രജിസ്റ്റർ ചെയ്ത പ്രതീക്ഷ ചാരിറ്റബിൾ സൊസൈറ്റി തിരുവനന്തപുരം, കർണാടകയിലെ ബെൽഗാം ജില്ലകളിലെ വിദ്യാർഥികൾക്കാണ് സാമ്പത്തിക സഹായം നൽകി വരുന്നത്.
ഈ വർഷം കർണാടകയിലെ ബെൽഗാമിൽ നിന്നുള്ള 275 അപേക്ഷകരിൽനിന്നു 19 വിദ്യാർഥികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഓരോ വർഷവും സ്കോളർഷിപ്പ് ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിക്കുന്നുണ്ട്. തിരുവനന്തപുരത്തുനിന്ന് 2014-15 വർഷത്തിൽ ഏഴും 2015-16 വർഷത്തിൽ പതിനേഴും 2016-17 വർഷത്തിൽ ഇരുപത്തിയെട്ടുമായി വിദ്യാർഥികളുടെ എണ്ണം ഉയർന്നപ്പോൾ ബെൽഗാമിലേത് 2014-15 വർഷത്തിൽ നാലും 2015-16 വർഷത്തിൽ പത്തും 2016-17 വർഷത്തിൽ പത്തൊൻപതുമായി ഉയർന്നു.
തെരഞ്ഞെടുക്കപ്പെട്ട അഞ്ച് എംബിബിഎസ് വിദ്യാർഥികൾക്ക് 30,000 രൂപയും എൻജിനീയറിംഗ്, ബി.ഫാം വിദ്യാർഥികൾക്ക് 20,000 രൂപയും, ഡിപ്ലോമ, നേഴ്സിംഗ് വിദ്യാർഥികൾക്ക് 10,000 രൂപയും വീതം വാർഷിക ഗ്രാന്റ് ആയി നൽകും. ഐറ്റിഐ വിദ്യാർഥികൾക്ക് കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നതുവരെ പ്രതിവർഷം 5,000 രൂപ ലഭിക്കും.
എച്ച്എൽഎൽ യൂണിറ്റുകളുള്ള മറ്റു സ്ഥലങ്ങളിലേയ്ക്കും പ്രതീക്ഷ സ്കോളർഷിപ്പുകൾ വ്യാപിപ്പിക്കാൻ പദ്ധതിയുണ്ടെന്ന് സീനിയർ വൈസ് പ്രസിഡന്റും കമ്പനി സെക്രട്ടറിയുമായ ശ്രീ. പി.ശ്രീകുമാർ പറഞ്ഞു.
എച്ച്എൽഎൽ ചീഫ് ഫൈനാൻഷ്യൽ ഓഫിസറും ഫൈനാൻസ് സീനിയർ വൈസ് പ്രസിഡന്റുമായ ശ്രീ. ആർ. ഗണേശൻ, പൂജപ്പുര മഹിളാമന്ദിരം സെക്രട്ടറി ശ്രീമതി. ശ്രീകുമാരി, അസോസിയേറ്റ് വൈസ് പ്രസിഡന്റ് (എച്ച്ആർ) ശ്രീമതി. സരസ്വതീ ദേവി എന്നിവരും ചടങ്ങിൽ പങ്കെടുത്തു സംസാരിച്ചു.






എച്ച്എൽഎൽ മാനേജ്മെന്റ് അക്കാദമി സംഘടിപ്പിച്ച പ്രൊക്യുർമെന്റ് മാനേജ്മെന്റ് എന്ന വിഷയത്തിലെ പരിശീലന പരിപാടി സിഎംഡി ശ്രീ. ഖണ്ഡേൽവാൽ ഉദ്ഘാടനം ചെയ്യുന്നു.മുൻ കേന്ദ്ര സെക്രട്ടറി ഡോ. പൂർണ്ണലിംഗം, ഡയറക്ടർ (ടെക്നിക്കൽ ആൻഡ് ഓപ്പറേഷൻസ്) ശ്രീ. ഇ.എ സുബ്രഹ്മണ്യൻ, കമ്പനി സെക്രട്ടറി ശ്രീ. പി. ശ്രീകുമാർ, എച്ച്എൽഎൽ മാനേജ്മെന്റ് അക്കാദമി മേധാവി അനിത തമ്പി എന്നിവർ സമീപം.



കേന്ദ്ര ആഭ്യന്തര മന്ത്രാലയം രാജഭാഷ (ഹിന്ദി) വിഭാഗം ദക്ഷിണ- പശ്ചിമ മേഖലകളിലെ കേന്ദ്ര, പൊതുമേഖല, ബാങ്ക് നഗര രാജഭാഷാ കാര്യനിർവ്വഹണ സമിതികൾക്കായി ഏർപ്പെടുത്തിയ രാജഭാഷാ പുരസ്കാരം തിരുവനന്തപുരം നഗര രാജഭാഷാ കാര്യനിർവ്വഹണ സമിതി (പൊതുമേഖല) നേടി. ഹൈദരാബാദിൽ നടന്ന ചടങ്ങിൽ എച്ച്എൽഎൽ സിഎംഡിയും ടോളിക് ചെയർമാനുമായ ശ്രീ.ആർ.പി ഖണ്ഡേൽവാൽ ആന്ധ്രാ പ്രദേശ് തെലുങ്കാന ഗവർണർ ശ്രീ. ഇ.എസ്.എൽ നരസിംഹനിൽ നിന്ന് പുരസ്കാരം ഏറ്റു വാങ്ങി.

## ഒററനോട്ടത്തിൽ




ടൗൺ ഒഫീഷ്യൽ ലാങ്ഗ്വേജ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി ( ടോളിക് ) യുടെ ആഭിമുഖ്യത്തിൽ എച്ച്എൽഎൽ കോർപ്പറേറ്റ് റിസർച്ച് ഡെവലപ്മെന്റ് സെന്ററിൽ ജനുവരി 3ന് നടന്ന ഹിന്ദി പക്ഷാചരണ സമാപന സമ്മേളനം ഡോ. എ. സമ്പത്ത് എംപി ഉദ്ഘാടനം ചെയ്യുന്നു. എച്ച്എൽഎൽ സിഎംഡിയും ടോളിക് ചെയർമാനുമായ ശ്രീ. ആർ. പി ഖണ്ഡേൽവാൽ, എച്ച്എൽഎൽ ടെക്ക്നിക്കൽ ആൻഡ് ഓപ്പറേഷൻസ് ഡയറക്ടർ ശ്രീ. ഇ.എ. സുബ്രഹ്മണ്യൻ, ആഭ്യന്തര മന്ത്രാലയം ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. ബാബുലാൽ മീണ എന്നിവർ സമീപം.



എച്ച്എൽഎൽ ഓഫീസേഴ്സ് ക്ലബ്ബ് (വിങ്സ്) ജനുവരി 3 ന് സംഘടിപ്പിച്ച 'വിങ്സ് നൈറ്റ് 2017' ക്രിസ്തുമസ്- പുതുവത്സര ആഘോഷവേളയിൽ നിന്നുള്ള ദൃശ്യം.



ഡിസംബർ 27 ന് നടന്ന ക്രിസ്തുമസ്- പുതുവത്സര ആഘോഷത്തിൽ ജീവനക്കാർ അവതരിപ്പിച്ച കോമഡി സ്കിറ്റ്.